പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: 511

27.9.2011-ൽ മറുപടിക്ക്

## പൊതുമേഖലാ സ്ഥാപനങ്ങളുടെ വിപുലീകരണം

**ചോദ്യം**

ശ്രീ.എം.വി.ശ്രേയാംസ് കുമാർ

(എ) സർക്കാരിൻെറ നൂറുദിന കർമ്മ പരിപാടികളിൽ ഉൾപ്പെടുത്തി ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളിൽ വിപുലീകരണ-നവീകരണ പദ്ധതികൾ നടപ്പാക്കാൻ ആരംഭിച്ചുവെന്ന് വെളിപ്പെടുത്തുമോ;

**ഉത്തരം**

ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി)

(എ) സർക്കാരിൻെറ നൂറുദിന കർമ്മ പരിപാടികളുടെ ഭാഗമായി വ്യവസായ വകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- KELTRON-ൻെറ BIFR-ന് സമർപ്പിക്കുന്നതിനായുള്ള പുനരുദ്ധാരണ പാക്കേജിൽ സർക്കാർ G. O. (Ms) No.183/11/ID dated 26.8.2011 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഇതനുസരിച്ച് കമ്പനിയുടെ അംഗീകൃത ഓഹരി മൂലധനം 200 കോടിരൂപയായി ഉയർത്തുന്നതിനും 84.37 കോടിരൂപയുടെ വായ്പകൾ ഇക്വിറ്റിയായി മാറ്റുന്നതിനുമുള്ള അനുമതിയും നൽകിയിട്ടുണ്ട്. കൂടാതെ 82.67 കോടിരൂപയുടെ പലിശ 2015-16 വരെയുള്ള കാലയളവിലേയ്ക്ക് മരവിപ്പിക്കുകയും ചെയ്തിട്ടുണ്ട്.
- ടെക്സ്റ്റൈൽ മേഖലയുടെ പ്രതിസന്ധി പരിഹരിക്കുന്നതിനായി 14 കോടി രൂപയുടെ പ്രത്യേക പദ്ധതിയ്ക്ക് സർക്കാർ അംഗീകാരവും ധനസഹായവും അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

മേൽപ്പറഞ്ഞവ കൂടാതെ Steel Complex Ltd, Kerala Electrical & Allied Engineering Company Ltd, Sitaram Textiles, Kerala Automobiles Ltd, SILK, Forest Industries Travancore Ltd, Kerala State Drugs & Pharmaceuticals Ltd,

- Keltron Component Complex Ltd, KSEDC എന്നീ സ്ഥാപനങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾക്കായും പ്രവർത്തന മൂലധനത്തിനുള്ള മാർജിൻമണിയിനത്തിലും സഹായം നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി ചുവടെ ചേർത്തിട്ടുള്ള പദ്ധതികളും വിഭാവന ചെയ്തുവരുന്നു.

- ഇ-പ്രൊക്യുർമെൻറ് സംവിധാനത്തിൻെറയും ഇ-ഗവേണൻസ് പ്ലാറ്റ്ഫോമിൻെറയും നടപ്പാക്കൽ
- നിർമ്മാണം പൂർത്തീകരിച്ച പുതിയ വ്യവസായ സംരംഭങ്ങൾ പ്രവർത്തനക്ഷമമാക്കാൻ കർമ്മപദ്ധതി
- കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സംയോജിച്ചുള്ള പ്രവർത്തനം
- ഡയറക്ടർ ബോർഡുകൾ വിദഗ്ദ്ധരെ ഉൾപ്പെടുത്തി ശക്തിപ്പെടുത്തൽ
- സ്ഥാപനങ്ങൾക്ക് വികസന ബാങ്കുകളുടെ സാമ്പത്തിക സഹായം ലഭ്യമാക്കുക
- കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ മാതൃകയിൽ MoU സംവിധാനം
- Accountant General-യുമായി യോജിച്ചുകൊണ്ടുള്ള പെർഫോമൻസ് ആഡിറ്റ് സംവിധാനം.

(ബി) പൂട്ടിക്കിടക്കുന്ന ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) പൂട്ടിക്കിടന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭൂമി, വ്യവസായ വികസനത്തിന് ഉപയോഗപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളുടെ എത്ര ഏക്കർ ഭൂമിയാണെന്ന് വിശദമാക്കുമോ?

(ബി) & (സി) വ്യവസായ വകുപ്പിൻെറ അധീനതയിൽ പ്രവർത്തനം നിലച്ചുകിടന്നിരുന്ന സ്ഥാപനങ്ങളുടെ ആസ്തികൾ സംസ്ഥാനത്തിൻെറ വ്യാവസായിക വികസനമുൾപ്പെടെയുള്ള ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

അനുസരണം ലൈബ്രറിയിൽ ലഭ്യമാണ്.